HLM-0072

The Heavenly Light Ministry

ദൈവകൃപയിൽ ഞാനാശ്രയിച്ച്
അവൻ വഴികളെ ഞാനറിഞ്ഞ്
അനുഗമിച്ചിടും അവനുടെ ചുവടുകളെ (2)

1 ഇഹലോകമോ തരികില്ലൊരു
സുഖവും മനഃശാന്തിയതും
എന്റെ യേശുവിന്റെ തിരുസന്നിധിയിൽ
എന്നും ആനന്ദം ഉണ്ടെനിക്ക്

ദൈവ

2. മനോവേദന പല ശോധന
മമ ജീവിതപാതയതിൽ
മാറാതേറിടുമ്പോൾ ആത്മനാഥനവൻ
മാർവ്വിൽചാരി ഞാനാശ്വസിക്കും

ദൈവ

3 എത്ര നല്ലവൻ മതിയായവൻ
എന്നെ കരുതുന്ന കർത്തനവൻ
എന്റെ ആവശ്യങ്ങളെല്ലാമറിഞ്ഞിടുന്ന
ഏറ്റമടുത്ത സഹായകൻ താൻ

ദൈവ

4 എന്റെ ആയുസ്സിൻ ദിനമൊക്കെയും
തന്റെ നാമമഹത്വത്തിനായ്
ഒരു കൈത്തിരിപോൽ കത്തിയെരിഞ്ഞൊരിക്കൽ
തിരുമാർവ്വിൽ മറഞ്ഞിടും ഞാൻ

ദൈവ